**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **27-02-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളിലേക്ക് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര മേഖലകളിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന് കീഴിൽ ടൂർ ഓപ്പറേറ്റിങ് സംഘങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | വിനോദ സഞ്ചാര മേഖലകളിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന് കീഴിൽ ടൂർ ഓപ്പറേറ്റിങ് സംഘങ്ങൾ നിലവിലുണ്ട്.<br><br>ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ജില്ല** — **എണ്ണം**<br>തിരുവനന്തപുരം. — 3<br>കൊല്ലം — 9<br>പത്തനംതിട്ട — 5<br>കോട്ടയം — 1<br>ഇടുക്കി — 1<br>പാലക്കാട് — 1<br>മലപ്പുറം — 7<br>കോഴിക്കോട് — 12<br>വയനാട് — 1<br>കണ്ണൂർ — 8<br>കാസർഗോഡ് — 1 |
| (ബി) | സംസ്ഥാനത്ത് സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ടൂറിസം സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം ഹോസ്പിറ്റാലിറ്റി ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന സ്ഥാപനമാണ്. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങൾ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷനിൽ (ടൂർഫെഡ്) അഫിലിയേറ്റ് ചെയ്ത് മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്നു. കായൽ ടൂറിസം വികസിപ്പിക്കുന്നതിന് ടൂർഫെഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർക്കാരിന്റെ 100 ദിന പരിപാടി പ്രകാരം ടൂർഫെഡ് സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, |

| | | | |
|---|---|---|---|
| | | | സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഹൈജീനിക് കോഫി ഷോപ്പുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം നടത്തുന്നതിനായി സഹകരണ മേഖലയിൽ നിന്നും വായ്പ സൗകര്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ